ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

**നം. എസിഡി.സി1/45191/എച്ച്.എസ്.ഇ/2014** **തീയതി : 14/10/2014**

# <u>സർക്കുലർ</u>

വിഷയം: - ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ് - 2014 ഒക്ടോബർ 15 ന് ദേശീയ വിരയിളക്കൽ ദിനമായി ആചരിക്കുന്നത് - സംബന്ധിച്ച്

സൂചന:- 07/10/2014 ലെ FWU.B3 – 72652/14/ആ.വ.ഡ നമ്പർ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരം 2014 ഒക്ടോബർ 15 ന് ദേശീയ വിരയിളക്കൽ ദിനമായി ആചരിക്കുകയാണെന്നറിയിച്ചിട്ടുണ്ട്. 1 മുതൽ 19 വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും അല്ബെന്ടസോൾ ഗുളിക നൽകേണ്ടതുണ്ട്. 1 മുതൽ 6 വയസുവരെയുള്ള കുട്ടികൾക്ക് അങ്കനവാടി വഴിയും അതിനുമുകളിൽ പ്രായമുള്ള കുട്ടികൾക്ക് സ്കൂൾ മുഖേനയും ഗുളിക നൽകണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഇതിനായി ആരോഗ്യ വകുപ്പ് ജീവനക്കാർ ആവശ്യമായ ലഘുരേഖകളും മരുന്നുമായി അങ്കനവാടികളിലും സ്കൂളുകളിലും എത്തുന്നതാണ്.

ആയതിനാൽ എല്ലാ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാരും പ്രസ്തുത പരിപാടിയുടെ വിജയകരമായ നടത്തിപ്പിന് ആവശ്യമായ സഹായ സഹകരണങ്ങൾ ആരോഗ്യ വകുപ്പ് ജീവനക്കാർക്ക് നൽകേണ്ടതാണ്.

**ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)**
**ഡയറക്ടറുടെ അധികചുമതലയിൽ**

**പകർപ്പ്:**
1. എല്ലാ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കും
2. എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
3. ഫയൽ കോപ്പി/അധികം